©
**കേരള സർക്കാർ**
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| **വാല്യം 14**<br>Vol. XIV | **തിരുവനന്തപുരം, തിങ്കൾ**<br>Thiruvananthapuram, Monday | **2025 ഡിസംബർ 22**<br>22nd December 2025<br>**1201 ധനു 7**<br>7th Dhanu 1201<br>**1947 പൌഷം 1**<br>1st Pousha 1947 | **നമ്പർ**<br>No. **4294** |


**കേരള സർക്കാർ**

**ആഭ്യന്തര (രഹസ്യ വിഭാഗം - എ) വകുപ്പ്**

**വിജ്ഞാപനം**

നം. ആഭ്യന്തരം-എസ് എസ് എ 2/58/2023-ആഭ്യന്തരം. *തിരുവനന്തപുരം, 2025 ഡിസംബർ 20*
*1201 ധനു 5*
*1947 അഗ്രഹായനം 29.*

**എസ്. ആർ. ഒ. നമ്പർ 1388/2025**

1952-ലെ കമ്മീഷൻസ് ഓഫ് ഇൻക്വയറി ആക്റ്റിലെ (1952-ലെ 60-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ, പൊതുപ്രാധാന്യമുള്ള ഒരു നിശ്ചിത വിഷയം അതായത് മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിലെ താനൂർ തൂവൽതീരം ബീച്ചിൽ 2023 മെയ് 7-നുണ്ടായ ബോട്ടപകടത്തിന് ഇടയാക്കിയ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കാരണങ്ങളെക്കുറിച്ചും ഭാവിയിൽ ഇത്തരത്തിൽ ദുരന്തങ്ങൾ ഒഴിവാക്കുവാൻ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചും അന്വേഷിക്കുന്നതിന് ശ്രീ.വി.കെ.മോഹനൻ (റിട്ട. ഹൈക്കോടതി ജഡ്ജി) ചെയർമാനായി ഒരു മൂന്നംഗ അന്വേഷണ കമ്മീഷനെ നിയമിച്ചു കൊണ്ട് 2023 മെയ് 12-ാം തീയതിയിലെ ആഭ്യന്തരം-എസ് എസ് എ 2/58/2023-ആഭ്യന്തരം നമ്പരായി പുറപ്പെടുവിച്ചതും 2023 മെയ് 12 -ാം തീയതിയിലെ 1643 -ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 578/2023 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനം താഴെപ്പറയും പ്രകാരം ഇതിനാൽ ഭേദഗതി ചെയ്യുന്നു, അതായത് :-

**ഭേദഗതി**

മേൽപ്പറഞ്ഞ വിജ്ഞാപനത്തിലെ, 3-ാം ഖണ്ഡികയിൽ, "മുപ്പത് മാസത്തിനകം" എന്ന വാക്കുകൾക്കു പകരം "മുപ്പത്തി രണ്ട് മാസത്തിനകം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
**ബിശ്വനാഥ് സിൻഹ**
***ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി.***

**വിശദീകരണക്കുറിപ്പ്**

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിലെ താനൂർ തുവൽതീരം ബീച്ചിൽ 2023 മെയ് 7-നുണ്ടായ ബോട്ടപകടത്തിന് ഇടയാക്കിയ കാരണങ്ങളെക്കുറിച്ചും ഭാവിയിൽ ഇത്തരത്തിൽ ദുരന്തങ്ങൾ ഒഴിവാക്കുവാൻ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചും അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ശ്രീ.വി.കെ.മോഹനനെ [(റിട്ട. ഹൈക്കോടതി ജഡ്ജി) വലിയപറമ്പിൽ ഹൗസ്, ഹൗസ് നമ്പർ 7/252- സി, തിരുവാതിര, അമ്പാടിമുക്ക്, കാക്കനാട്, കൊച്ചി -20] ചെയർമാനായി ഒരു മൂന്നംഗ അന്വേഷണ കമ്മീഷനെ കേരള സർക്കാർ, 2023 മെയ് 12-ാം തീയതിയിലെ ആഭ്യന്തരം-എസ് എസ് എ 2/58/2023-ആഭ്യന്തരം നമ്പരായി പുറപ്പെടുവിച്ചതും 2023 മെയ് 12-ാം തീയതിയിലെ 1643-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 578/2023 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനം പ്രകാരം നിയമിച്ചിരുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പ്രസ്തുത കമ്മീഷന്റെ കാലാവധി 2025 നവംബർ 11-ാം തീയതി അവസാനിച്ചതിനാൽ, രണ്ട് മാസത്തിനുള്ളിൽ അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കണമെന്ന വ്യവസ്ഥയോടെ കമ്മീഷന്റെ കാലാവധി 2025 നവംബർ 12 മുതൽ രണ്ട് മാസത്തേക്ക് നീട്ടുവാനും അതിനായി എസ്.ആർ.ഒ. നമ്പർ 578/2023 ആയി പ്രസിദ്ധീകരിച്ച വിജ്ഞാപനം ഭേദഗതി ചെയ്യുവാനും സർക്കാർ തീരുമാനിച്ചു.

മേൽപറഞ്ഞ ആവശ്യം നിറവേറ്റുന്നതിനു ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# GOVERNMENT OF KERALA

## Home (Secret Section – A) Department

## NOTIFICATION

No.Home-SSA2/58/2023-Home. *Dated, Thiruvananthapuram, 20th December 2025*
**S. R. O. No. 1388/2025** *5th Dhanu 1201*

*29th Agrahayana 1947.*

In exercise of the powers conferred by section 3 of the Commissions of Inquiry Act, 1952 (Central Act 60 of 1952), the Government of Kerala hereby make the following amendment to the notification issued under No.Home-SSA2/58/2023-Home, dated 12th May, 2023 and published as S.R.O. No.578/2023, in the Kerala Gazette Extraordinary No.1643 dated 12th May, 2023 appointing a three member Commission of Inquiry under the Chairmanship of Shri V.K.Mohanan (Retired High Court Judge) to inquire into a definite matter of public importance, namely, the causes that led to the boat accident at Thoovaltheeram Beach,Tanur in Tirur Taluk, Malappuram District on 07th May, 2023 and measures to be taken to avoid such disasters in future, namely:-

**AMENDMENT**

In the said notification, in the third paragraph, for the words "within thirty months" the words "within thirty two months" shall be substituted.

**By order of the Governor,**
***BISHWANATH SINHA***
***Additional Chief Secretary to Government.***

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## Explanatory Note

(This does not form the part of the notification, but is intended to indicate its general purport.)

Government of Kerala have appointed a three member Commission of Inquiry under the Chairmanship of Shri V. K. Mohanan [(Retired High Court Judge) Valiyaparambil House, House No.7/252-C, Thiruvathira, Ambadimukku, Kakkanad, Kochi-20] as Chairman to inquire into a definite matter of public importance, namely, the causes that led to the boat accident at Thoovaltheeram Beach,Tanur in Tirur Taluk, Malappuram District on 07th May, 2023 and measures to be taken to avoid such disasters in future, as per notification issued under No.Home-SSA2/58/2023-Home dated 12th May, 2023 and published as S.R.O. No.578/2023, in the Kerala Gazette Extraordinary No.1643 dated 12th May, 2023. As the term of office of the said Commission expired on 11th November, 2025, Government have decided to extend the term of office of the Commission for a period of two months from 12th November, 2025, subject to the condition that the inquiry shall be completed and report should be submitted within the said period, and consequently amend the notification published as S.R.O No.578/2023.

The notification is intended to achieve the above object.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.12.22 01:57:45 +05:30